(എഫ്) പ്രിന്റിംഗിന് ആവശ്യമായ പ്ളേറ്റ് എടുക്കുവാനുള്ള കമ്പ്യൂട്ടർ റ്റു പ്ളേറ്റ് (സി.ടി.പി) സംവിധാനവും ഒരു മൾട്ടികളർ വെബ് ഓഫ്സെറ്റ് മെഷീനും ഓട്ടോമാറ്റിക് ബൈൻഡിംഗ് ഫോൾഡിംഗ് സംവിധാനങ്ങളും ഉടനെ ഏർപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നു.

(ജി) ഇല്ല

(എച്ച്) സംസ്ഥാന ലോട്ടറി ടിക്കറ്റുകളുടെ കൂടുതൽ സീരീസുകളുടെ പ്രിന്റിംഗും മറ്റ് സ്ഥാപനങ്ങളുടെ കൂടുതൽ അച്ചടി ജോലികളും ഈ വർഷം ലഭിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്. അതനുസരിച്ച് ഈ സാമ്പത്തിക വർഷം ഏകദേശം 45 കോടി രൂപയുടെ കരാറുകൾ ലഭ്യമാകുമെന്നാണ് കരുതുന്നത്.

ക്രെഡിറ്റ് ആന്റ് സെമസ്റ്റർ സിസ്റ്റം

30 (*570) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി :
ശ്രീ. സി. പി. മുഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ കോളേജുകളിൽ ക്രെഡിറ്റ് ആന്റ് സെമസ്റ്റർ സിസ്റ്റം നടപ്പിലാക്കിയതിന്റെ ഭാഗമായി സർവ്വകലാശാലകളിലെ പരീക്ഷാ വിഭാഗത്തിൽ എന്തൊക്കെ പരിഷ്ക്കാരങ്ങലാണ് നടപ്പിലാക്കേണ്ടത് ;

(ബി) ഇതിനായി ഇതുവരെ എന്തൊക്കെ നടപടികൾ സ്വീകരിച്ചുവെന്ന് വെളിപ്പെടുത്തുമോ ;

(സി) ഇതിനായി സംസ്ഥാന തലത്തിൽ ഏകീകൃത സംവിധാനത്തിന് രൂപം നൽകിയിട്ടുണ്ടോ ;

(ഡി) എങ്കിൽ പ്രസ്തുത സംവിധാനം മോണിറ്റർ ചെയ്യുന്നതിന് ആരെയാണ് ചുമതലപ്പെടുത്തിയിരിക്കുന്നത് ?

വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. എ. ബേബി) :

(എ) പരീക്ഷാ വിഭാഗം കമ്പ്യൂട്ടർവത്ക്കരിച്ചുകൊണ്ട് സമയബന്ധിതമായി പരീക്ഷകളും ഫലപ്രഖ്യാപനങ്ങളും നടത്തുക, ജീവനക്കാർക്ക് പരിശീലനം നൽകുക തുടങ്ങിയ പരിഷ്ക്കാരങ്ങളാണ് നടപ്പിലാക്കേണ്ടത്.

(ബി) ക്രെഡിറ്റ് ആന്റ് സെമസ്റ്റർ സമ്പ്രദായം ഏർപ്പെടുത്തിയതിന്റെ ഭാഗമായി പരിക്ഷാ വിഭാഗത്തിന്റെ കമ്പ്യൂട്ടർവൽക്കരണത്തിന് കേരളാ, എം.ജി, കൊച്ചി ശാസ്ത്ര-സാങ്കേതിക, കണ്ണൂർ, കോഴിക്കോട് സർവ്വകലാശാലകൾക്ക് 2 കോടി രൂപയും ശ്രീ. ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാലയ്ക്ക് ഒരു കോടി രൂപയും നൽകാൻ ബജറ്റിൽ നിർദ്ദേശിച്ചിട്ടുണ്ട്. വിദ്യാർത്ഥികളുടെ

LIBRARY ARCHIVES Kerala Legislative Assembly

രജിസ്ട്രേഷൻ, ഹാൾടിക്കറ്റ് വിതരണം തുടങ്ങി പരീക്ഷാ വിഭാഗത്തിന്റെ കംപ്യൂട്ടർവത്ക്കരണത്തിനും ജീവനക്കാരുടെ പരിശീലനത്തിനും ആവശ്യമായ നടപടികൾ സർവ്വകലാശാലകൾ സ്വീകരിച്ചുവരുന്നു.

(സി&ഡി) സംസ്ഥാന തലത്തിൽ ഏകീകൃത സംവിധാനമില്ല. എന്നാൽ വിവിധ യൂണിവേഴ്സിറ്റികളിലെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന് സംസ്ഥാന തലത്തിൽ ഉന്നത വിദ്യാഭ്യാസ കൗൺസിലിന്റെ ആഭിമുഖ്യത്തിൽ പ്രോ-വൈസ് ചാൻസലർമാർ അംഗങ്ങളായിട്ടുള്ള കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്.

(ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

അംഗീകാരമില്ലാത്ത സി.ബി.എസ്.ഇ.,ഐ.സി.എസ്.സി. സ്കൂളുകൾ

1 (5132) ശ്രീ. പി. തിലോത്തമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് അംഗീകാരമില്ലാത്ത സി.ബി.എസ്.ഇ.,ഐ.സി.എസ്.സി.സ്കൂളുകൾ പ്രവർത്തിക്കുന്നുണ്ടോ ; വ്യക്തമാക്കുമോ ;

(ബി) ഇത്തരത്തിലുള്ള സ്കൂളുകൾ സംസ്ഥാന ഗവൺമെന്റിന്റെ എൻ. ഒ.സി.-ക്കായി അപേക്ഷ സമർപ്പിച്ചിട്ടുണ്ടോ ; എങ്കിൽ എത്ര അപേക്ഷകൾ ഇപ്പോൾ നിലവിലുണ്ടെന്ന് വ്യക്തമാക്കുമോ ;

(സി) പ്രസ്തുത അപേക്ഷകൾ പരിശോധിച്ച് എൻ.ഒ.സി.നല്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) ഉണ്ട്

(ബി) 76 എണ്ണം

(സി) സി.ബി.എസ്.ഇ., ഐ.സി.എസ്.ഇ സിലബസ്സുകൾ പഠിക്കുന്ന പുതിയ സ്കൂളുകൾക്ക് ബന്ധപ്പെട്ട ബോർഡുകളിൽ നിന്നും അഫിലിയേഷൻ ലഭിക്കുന്നതിനാവശ്യമായ സംസ്ഥാന സർക്കാരിന്റെ നോ ഒബ്ജക്ഷൻ സർട്ടിഫിക്കറ്റ് നൽകേണ്ടതില്ലെന്നാണ് സർക്കാരിന്റെ നയപരമായ തീരുമാനം.

ഏരിയാ ഇന്റൻസീവ് പ്രോഗ്രാം

2 (5133) ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഏരിയാ ഇന്റൻസീവ് പ്രോഗ്രാം സംസ്ഥാനത്തെ ഏതെല്ലാം സ്കൂളുകളിലാണ് നടപ്പിലാക്കുന്നത് ;

LIBRARY ARCHIVES Kerala Legislative Assembly